# പത്രക്കുറിപ്പ്

26.01.2017-ാം തീയതി റിപ്പബ്ലിക്ക് ദിന പരേഡിന്റെ സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി സെക്രട്ടേറിയറ്റ് പരിസരങ്ങളിൽ ഗതാഗതനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ്. സ്പെൻസർ-ജേക്കബ്സ്-കന്റോൺമെന്റ് ഗേറ്റ്-പ്രസ്സ് ക്ലബ് റോഡുകളിലും, മെയിൻ ഗേറ്റ് - കന്റോൺമെന്റ് ഗേറ്റ് റോഡിലും, ആസാദ് ഗേറ്റ് - വൈ.എം.സി.എ റോഡിലും യാതൊരുവിധ പാർക്കിങ്ങും അനുവദിക്കുന്നതല്ല. കൂടാതെ ടി റോഡുകളിൽ യാതൊരുവിധ കച്ചവടങ്ങളും അനുവദിക്കുന്നതല്ല. റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കെടുക്കാൻ വരുന്ന ഉദ്യോഗസ്ഥരുടേയും,പൊതുജനങ്ങളുടേയും വാഹനങ്ങൾ ഊറ്റുകുഴി മുതൽ വൈ.എം.സി.എ റോഡുവരെ ഒരു വശം മാത്രം പാർക്ക് ചെയ്യേണ്ടതാണ്. തിരുവനന്തപുരം സിറ്റി പോലീസ് നടപ്പിലാക്കുന്ന ഗതാഗതനിയന്ത്രണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

പോലീസ് ഇൻസ്പെക്ടർ
ട്രാഫിക്ക് പോലീസ് സ്റ്റേഷൻ
തിരുവനന്തപുരം സിറ്റി.

എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങൾക്കും.